**Sree Vitoba High School, Kayamkulam**
LK /2018/36048 Ph: 9497332988, 8921913339
littlekites.36048@gmail.com

## "തണ്ണീർത്തടങ്ങൾ - ജീവത്തടങ്ങൾ "

***ലിറ്റിൽ കൈറ്റ്സ് ശ്രീ വിഠോബായുടെ ആഭിമുഖ്യത്തിൽ നടത്തിയ അധിക പ്രവർത്തന റിപ്പോർട്ട്***

*ജലാശയ സംരക്ഷണത്തിലൂടെ കായംകുളം എസ് വി വാർഡിലെ ബ്രഹ്മം കുളത്തിന്റെ സാംസ്കാരിക പൈതൃകത്തെയും പ്രകൃതിയിലെ ആവാസവ്യവസ്ഥയെയും നിലനിർത്തുക .*



കായംകുളം ശ്രീ വിഠോബാ ഹൈ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് ഞങ്ങൾ . പരിസ്ഥിതി പഠനങ്ങൾ നടത്തുകയും അതിലൂടെ പരിസ്ഥിതിയെ സംരക്ഷിക്കുകയും ചെയുക എന്ന ലക്ഷ്യത്തോടെ ലോക തണ്ണീർത്തട ദിനത്തിൽ (ഫെബ്രുവരി 2) ഞങ്ങൾ നടത്തിയ യാത്രയിൽ കാണുവാൻ സാധിച്ചത് ഞങ്ങളുടെ വിദ്യാലയത്തിന്റെ സമീപഭാഗത്തായി സ്ഥിതി ചെയുന്ന കായംകുളം എസ് വി വാർഡിലെ ബ്രഹ്മം കുളത്തിന്റെ ശോചനീയാവസ്ഥയാണ്.

ചരിത്രപരമായും സാംസ്കാരികപരമായും കായംകുളത്തിന്റെ ചരിത്രത്തിൽ സ്ഥാനം അർഹിക്കുന്ന ബ്രഹ്മംകുളം ഇന്ന് അവഗണിക്കപ്പെട്ടിരിക്കുന്നു. പരിസ്ഥിതിയിലെ ആവാസവ്യവസ്ഥ കൂടി നമ്മൾ കണക്കിലെടുക്കുമ്പോൾ ഇത് ഗൗരവമേറിയ വിഷയം തന്നെ.



ഭൂമുഖത്തെ ജീവകാലങ്ങൾ നിലനില്പിനുവേണ്ടി കടുത്ത അഗ്നിപരീക്ഷണത്തിലാണ്. ജീവി വർഗങ്ങൾക്കു ആവാസവ്യവസ്ഥയിൽ നിലനിൽക്കാനും സംരക്ഷിക്കപ്പെടാനും ആവശ്യമായ സ്ഥലം വേണം അവിടെയാണ് തണ്ണീർത്തടങ്ങളുടെ പ്രാധാന്യം. കാലാവസ്ഥാമാറ്റവും വനനശീകരണവും മലിനീകരണവും എല്ലാം ചേർന്നു തണ്ണീർത്തടങ്ങളെ നശിപ്പിക്കുന്നു. ഇതിനെല്ലാം കാരണം ഒന്നല്ലെങ്കിൽ മറ്റൊരുതരത്തിൽ മനുഷ്യന്റെ ഇടപെടലുകളാണ് . തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടത് പരിസ്ഥിതിയുടെയും ആവാസവ്യവസ്ഥയുടെയും നിലനിൽപിന് അത്യന്താപേക്ഷിതമാണ്.



തണ്ണീർത്തടങ്ങൾ സംരക്ഷിച്ചെങ്കിൽ മാത്രമേ സ്വാഭാവിക പ്രകൃതിയെ നിലനിർത്താൻ കഴിയു . തണ്ണീർത്തടങ്ങൾ നൂറുകണക്കിന് ജീവികളുടെ ആവാസസ്ഥാനമാണ്. തണ്ണീർത്തടങ്ങളുടെയും അവയോടു ചേർന്ന ആവാസവ്യവസ്ഥയും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. തണ്ണീർത്തടങ്ങൾ ഇല്ലാതാകുമ്പോൾ ഈ ഭൂമിയിലെ പച്ചപ്പും , പക്ഷികളുടെ ചിറകടിയും , പുഴകളുടെ കളകളാരവവും, എന്നെന്നേക്കുമായി നിലച്ചുപോകും.



പ്രാണവായു പ്രദാനം ചെയുന്ന ഈ തണ്ണീർ തടങ്ങൾ മാഞ്ഞുപോയാൽ ............................ നൂറുകണക്കിന് ജീവജാലങ്ങളുടെ വാസസ്ഥാനം ഇല്ലാതായാൽ ............................................. ഈ ഭൂമി വിണ്ടുകീറി ഈ പച്ചപ്പ് എന്നെന്നേക്കുമായി മാഞ്ഞുപോകും . അതിനാൽ ഇതിനൊരു പരിഹാരം കണ്ടെത്തി ബ്രഹ്മം കുളം എന്നന്നേക്കുമായി സംരക്ഷിക്കപ്പെടുന്ന തരത്തിൽ ഇതിനൊരു പരിഹാരം കണ്ടത്തേണ്ടതാണ് .




കായംകുളം എസ് വി വാർഡിലെ ബ്രഹ്മംകുളത്തിന്റെ ശോചനീയാവസ്ഥ ഇതിന്റെ അധികാരികളെ ബോധ്യപെടുത്താനും പ്രാദേശിക ഭരണകൂടത്തെ അറിയിക്കാനും ഞങ്ങൾ ബാധ്യസ്ഥരാണ് . അതിനാൽ ഞങ്ങളുടെ നിവേദനത്തിന്നു ഉചിതമായ പരിഹാരം ഉടൻതന്നെ കാണുമെന്ന പ്രതീക്ഷയോടെ ,

സ്നേഹപൂർവ്വം

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
ശ്രീ വിഠോബാ ഹൈസ്കൂൾ
കായംകുളം